725433/2024/INWARD EXCISE

HQ/1/2024/EXCISE

**കേരള എക്സൈസ് വകുപ്പ്**

**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 01-02-2024
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-HQ/1/2024/EXCISE</u>**

വിഷയം: **മയക്കുമരുന്ന് കേസുകളിൽ പിടിച്ചെടുത്ത വസ്തുക്കൾ പ്രാഥമിക നിഗമനത്തിന് വിരുദ്ധമായി രാസപരിശോധന ഫലം വരുമ്പോൾ വ്യത്യസ്ഥമാകുന്നതിനാൽ കേസ് കണ്ടെടുക്കുമ്പോൾ Narcotic Drug Detection Kits (NDDK) / Precursor Chemicals Detection Kits (PCDK) ഉപയോഗിച്ച് പ്രാഥമിക പരിശോധന നടത്തുന്നത് - നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്**

മയക്കുമരുന്ന് കേസുകൾ കണ്ടെത്തി രജിസ്റ്റർ ചെയ്യുമ്പോൾ മയക്കുമരുന്നായി സംശയിച്ച പിടിച്ചെടുക്കുന്ന വസ്തുക്കൾ പ്രാഥമിക പരിശോധന നടത്താത്തത് മൂലം രാസപരിശോധനാഫലം വരുമ്പോൾ മയക്കുമരുന്നല്ലാത്ത പദാർഥങ്ങളാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീഡിയം ക്വാണ്ടിറ്റിയും വാണിജ്യ അളവിലും പിടികൂടുന്ന കേസുകളിൽ അറസ്റ്റ് ചെയ്യപ്പെടുന്ന വ്യക്തികൾ റിമാൻഡ് ചെയ്യപ്പെടുന്ന സാഹചര്യമുണ്ട്. 15 ദിവസം മുതൽ 6 മാസം വരെ വിചാരണയില്ലാതെ ജയിലിൽ കിടക്കേണ്ടതായും വരുന്നുണ്ട്. ഇങ്ങനെ ജയിലിൽ കിടക്കേണ്ടതായി വരുന്ന കേസുകളിൽ, പരിശോധനാഫലം വ്യത്യസ്തമാകുന്നത് പിന്നീട് നിയമപ്രശ്നമായും മനുഷ്യവകാശ പ്രശ്നമായും മാറുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. ആയതിനാൽ കഞ്ചാവ് ഒഴികെയുള്ള മയക്കുമരുന്ന് കേസുകളിൽ Narcotic Drug Detection Kits (NDDK) / Precursor Chemicals Detection Kits (PCDK) ഉപയോഗിച്ച് പ്രാഥമിക പരിശോധന നടത്തേണ്ടതാണ്. ഇപ്രകാരം പ്രാഥമിക പരിശോധന നടത്തിയ വിവരം മഹസ്സറിലും മറ്റു ബന്ധപ്പെട്ട രേഖകളിലും രേഖപ്പെടുത്തേണ്ടതും കേസ് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥർ ഇക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതും, ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ആയത് ഉറപ്പു വരുത്തേണ്ടതുമാണ്.

പരിശോധന നടത്തുന്നതിനായി ജില്ലകളിൽ അനുവദിച്ചിട്ടുള്ള കിറ്റുകൾ പ്രവർത്തന സജ്ജമാണെന്നും, ഏതൊക്കെ ഓഫീസുകളിലാണ് ടി കിറ്റുകൾ ലഭ്യമാകുന്നതെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അതാത് ഡിവിഷനുകളിലെ ഉദ്യോഗസ്ഥർക്ക് കൃത്യമായി അറിയിപ്പ് നൽകേണ്ടതും കിറ്റുകളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതുമാണ്. കിറ്റുകൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നുണ്ടോയെന്ന് മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ ഓഫീസ് സന്ദർശനം നടത്തുമ്പോൾ പരിശോധിക്കേണ്ടതും, ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

725433/2024/INWARD EXCISE

HQ/1/2024/EXCISE

ഇപ്രകാരം പ്രാഥമിക പരിശോധന നടത്താതെ കേസ് എടുക്കുകയും പിന്നീട് പരിശോധന ഫലം വ്യത്യസ്തമാകുകയും ചെയ്യുന്ന സംഭവങ്ങൾ ഉണ്ടായാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

Signed by
Mahipal Yadav Ips
Date: 01-02-2024 11:12:49

MAHIPAL YADAV IPS

**എക്സൈസ് കമ്മീഷണർ**

പകർപ്പ്:

1. അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം/എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ(എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ(എല്ലാം)
5. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
6. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ(എല്ലാം)
7. എക്സൈസ് ഇൻസ്പെക്ടർ(എല്ലാം)
8. സിഎ ടു എക്സൈസ് കമ്മീഷണർ
9. സിഎ ടു അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം/എൻഫോഴ്സ്മെന്റ്)
10. ഓഫീസ് ഫയൽ/സ്റ്റോക്ക് ഫയൽ